## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2425 18.06.2014-ൽ മറുപടിക്ക്

### എല്ലാവർക്കും ശുദ്ധജലം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.അബ്ദു റഹിമാൻ രണ്ടത്താണി | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) എല്ലാവർക്കും ശുദ്ധജലം എപ്പോഴും ലഭ്യമാക്കുന്നതിന് സർക്കാർ ആവിഷ്ക്കരിച്ച പദ്ധതികളിലൂടെ സാധിച്ചിട്ടുണ്ടോ ; | (എ) ഈ ലക്ഷ്യത്തിൽ എത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഇല്ലെങ്കിൽ ജനങ്ങൾ കുടിവെള്ളത്തിന് ആശ്രയിക്കുന്ന ചെറുജല സ്രോതസ്സുകളുടെ സംരക്ഷണിത്തിനായി നടപ്പാക്കുന്ന പദ്ധതികൾ വ്യക്തമാക്കുമോ; | (ബി) കേന്ദ്ര സർക്കാരിന്റെ NRDWP പദ്ധതിയിൽ ഉൾ പ്പെടുത്തി തിരഞ്ഞെടുക്കപ്പെട്ട കിണറുകൾ, കുളങ്ങൾ എന്നിവയിലെ വെള്ളത്തിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്ന വാർഡ് സർ വേ ജല അതോറിറ്റി ക്വാളിറ്റി കൺട്രോൾ വിഭാഗം നടത്തുന്നുണ്ട്. ചെറുജല സ്രോതസ്സുകളുടെ സംരക്ഷണത്തിനായി അനധികൃത കയ്യേറ്റങ്ങൾ തടയുക, സംരക്ഷണ വേലികൾ നിർമ്മിക്കുക, മാലിന്യ നിക്ഷേപത്തിനും മറ്റ് മലിനീകരണത്തിനും എതിരെ ജില്ലാ ഭരണകൂടം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മലിനീകരണ ബോർഡ് എന്നിവയുടെ സഹായത്തോടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | നിത്യോപയോഗത്തിന് യോഗ്യമല്ലാത്തവിധം മലീമസമായ ചെറുജല സ്രോതസ്സുകൾ മാലിന്യ മുക്തമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) | ചെറുജല സ്രോതസ്സുകൾ മാലിന്യ മുക്തമാക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ 2 വർഷങ്ങളിലായി സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിംഗ് കമ്മിറ്റിയിൽ തെരഞ്ഞെടുത്ത 2 ചിറകളുടെ പുനരുദ്ധാരണം കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ ജല സ്രോതസ്സുകളുടെ ഏകദേശം 250 മീറ്റർ ചുറ്റളവിൽ ജലമലിനീകരണത്തിനിടയാക്കുന്ന എല്ലാ പ്രവർത്തനങ്ങളും നിരോധിച്ചിട്ടുണ്ട്.<br>ജലനിധി രണ്ടാം ഘട്ടത്തിൽ ശുചിത്വ പ്രവർത്തനങ്ങൾക്കായി ഓരോ ജലനിധി പഞ്ചായത്തിലും നീക്കിവച്ചിട്ടുള്ള 30 ലക്ഷം രൂപ വിനിയോഗിച്ച് മലീമസമായ സ്രോതസ്സുകൾ മാലിന്യമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ